**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **25** **12.01.2021 – ൽ മറുപടിയ്ക്ക്**

# മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ

<u>ചോദ്യം</u>
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.എം.മുകേഷ്
ശ്രീ.ബി.സത്യൻ

<u>മറുപടി</u>
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും ആരോഗ്യസംരക്ഷണത്തിനുമായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 1) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 ന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്ന പദ്ധതി.<br>2) മുതിർന്ന പൗരന്മാർക്ക് ഗ്ലൂക്കോമീറ്റർ നൽകുന്നതിനുള്ള 'വയോമധുരം' പദ്ധതി.<br>3) എല്ലാ സർക്കാർ വൃദ്ധസദനങ്ങളിലെയും അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്ന ' വയോ അമൃതം' പദ്ധതി.<br>4) മുതിർന്ന പൗരന്മാർക്ക് കൃത്രിമ പല്ലുകൾ നല്കുന്നതിനുള്ള ' മന്ദഹാസം' പദ്ധതി.<br>5) കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ വയോജന സുരക്ഷയെ മുൻനിർത്തി ആരംഭിച്ച ' വയോക്ഷേമ കാൾ സെന്റർ' .<br>6) വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന ' സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി.'<br>7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ പകൽ വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളും വിവിധ സേവനങ്ങളും ഉൾപ്പെടുത്തി ' സായംപ്രഭാ ഹോമു'കളാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.<br>8) ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന സായംപ്രഭാ |
| (ബി) | മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഹോമുകളിൽ നിന്നും തെരഞ്ഞെടുത്ത ഒരു ഹോമിനെ ' മാതൃകാ സായംപ്രഭാ ഹോമാ' ക്കി മാറ്റുന്ന പദ്ധതി.<br>9) ഗവ.വൃദ്ധമന്ദിരങ്ങളിലെ താമസക്കാരുടെ മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള ' മ്യൂസിക് തെറാപ്പി' .<br>10) ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ശാരീരിക ക്ഷമതയും മാനസിക ആരോഗ്യവും മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന ' യോഗ തെറാപ്പി' .<br>11) സർക്കാർ വൃദ്ധസദനങ്ങളിലെ വയോജനങ്ങളുടെ മാനസിക സുസ്ഥിതി ഉറപ്പ വരുത്തുന്നതിന് NIMHANS സഹായത്തോടുകൂടി ആരംഭിച്ച ' സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡേർലി ഇൻ ഓൾഡ് ഏജ് ഹോം' പദ്ധതി.<br>12) മുതിർന്ന പൗരന്മാർക്ക് മാനസികമായും, ശാരീരികമായും ഉല്ലാസം പകരുന്ന ' വയോജനപാർക്ക്' .<br>13) 'കൺസീലിയേഷൻ ഓഫീസർമാർക്ക് ഹോണറേറിയം' നൽകുന്ന പദ്ധതി.<br>14) സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യപരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുന്ന 'വയോമിത്രം' പദ്ധതി. ഇപ്പോൾ 85 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും 3 ബ്ലോക്കുകളിലും നടപ്പിലാക്കി വരുന്നു. |
| (സി) | സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പാക്കി വരുന്ന സായംപ്രഭ പദ്ധതിയിൽ വയോജനങ്ങൾക്കായി എന്തെല്ലാം പരിപാലന സൗകര്യങ്ങളാണ് ഏർപ്പെടുത്തി-യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | • പഞ്ചായത്തിൽ ഒത്തുകൂടുന്നതിന് സൗകര്യം ഒരുക്കൽ.<br>• ശാരീരിക, മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഹോമുകളിൽ ഒരുക്കുക.<br>• മുതിർന്നവരുടെ പരിപാലനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാനസികവും ശാരീരികവും ആരോഗ്യപരവുമായ വിഷയങ്ങൾ ആസ്പദമാക്കി ആഴ്ചയിൽ ഒരു ദിവസം യോഗ്യരായവരെ കൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കുക.<br>• ആഴ്ചയിൽ ഒരു ദിവസമെങ്കിലും യോഗ ക്ലാസ്സ്. |

| | | | |
|---|---|---|---|
| | | | • കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.<br>• പോഷകാഹാരക്കുറവുള്ളവർക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ചുകൊടുക്കുക.<br>• ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സായംപ്രഭാ ഹോമിനെ മാതൃകാ സായംപ്രഭാ ഹോമാക്കി ഉയർത്തുന്ന പദ്ധതി. സായംപ്രഭാ ഹോമുകളിലെ പൊതുപ്രവർത്തനങ്ങൾക്ക് പുറമേ ആരോഗ്യപരിപാലനം, പോഷകാഹാര വിതരണം, ഫിസിയോതെറാപ്പി, വരുമാന വർദ്ധന പദ്ധതികൾ, കൗൺസിലിങ്ങ് & ഹെൽപ്പ് ഡെസ്ക്, ചലന സഹായ ഉപകരണങ്ങൾ, വിനോദോപാധികൾ, കമ്പ്യൂട്ടർ സാക്ഷരത, ബോധവൽക്കരണം തുടങ്ങിയവ ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ